## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 939 02.12.2015 - ൽ മറുപടിക്ക്

### നെന്മാറ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.ചെന്താമരാക്ഷൻ | പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നെന്മാറ മണ്ഡലത്തിൽ നടപ്പിലാക്കിയ കുടിവെള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് പ്രോജക്ട് ഡിവിഷനു കീഴിൽ നെന്മാറ മണ്ഡലത്തിൽ എൻ.ആർ.ഡി.ഡബ്ല്യൂ.പി.-19. എസ്.എൽ.എസ്.എസ്.സി.-നെന്മാറ, അയിലൂർ, മേലാർകോട് പഞ്ചായത്തുകൾക്കായി 1100 ലക്ഷം രൂപയ്ക്കുള്ള ഒരു കുടിവെള്ള വിതരണ പദ്ധതിയ്ക്ക് 07/01/2014-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പ്രധാന ഘടകമായ ശുദ്ധീകരണശാലയുടെ പ്രവൃത്തി 60% പൂർത്തീകരിച്ചു. പോത്തുണ്ടിഡാമിൽ നിന്നുള്ള റോ-വാട്ടർ പമ്പിംഗ് മെയിൻ, നെന്മാറ ജലസംഭരണിയിലേയ്ക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നിവ സ്ഥാപിക്കുന്നതിനുള്ള പൈപ്പുകൾ ലഭ്യമായിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ റോഡ് മുറിക്കുന്നതിനുള്ള അനുമതിയും ലഭിച്ചിട്ടുണ്ട്. പ്രവർത്തികൾ ഉടൻ ആരംഭിക്കുന്നതാണ്. |
| (ബി) എം.എൽ.എ. യുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന ഏതെല്ലാം പദ്ധതികളാണ് ഇനി പൂർത്തീകരിക്കാനുള്ളത്; ആയത് എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) നെന്മാറ അസംബ്ലി മണ്ഡലത്തിൽ എസ്.ഡി.എഫ്. -എം.എൽ.എ. പദ്ധതികളിൽ ഉൾപ്പെടുത്തി ആകെ 13 പ്രവർത്തികൾക്ക് ഭരണാനുമതി ലഭിച്ചു. അതിൽ രണ്ടു പ്രവർത്തികൾ മാത്രമാണ് ഇനി പൂർത്തീകരിക്കുവാനുള്ളത്. 1. വടവന്നൂർ |

ഗ്രാമപഞ്ചായത്ത് കാരപ്പറമ്പ് കുടിവെള്ള പദ്ധതി.

2. തേവർക്കാട് -മരുതംപാടം കുടിവെള്ള പദ്ധതി.

ഇതിൽ വടവന്നൂർ ഗ്രാമപഞ്ചായത്ത് കാരാപ്പറമ്പ് കുടിവെള്ള പദ്ധതിയുടെ പമ്പ് ഹൗസ് സ്ഥാപിച്ച് പവർ കണക്ഷൻ ലഭിക്കേണ്ടതായിട്ടുണ്ട്. വടവന്നൂർ ഗ്രാമപഞ്ചായത്ത് തേവർക്കാട് - മരുതംപാടം കുടിവെള്ള പദ്ധതിയുടെ 300 മീറ്റർ പൈപ്പ് ലൈൻ ഇടേണ്ടതായിട്ടുണ്ട്. മേല്പറഞ്ഞ പ്രവർത്തികൾ 2016 ജനുവരി മാസത്തോടു കൂടി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ